


മെഹദ് മഖ്ബൂൽ

mehdmaqbool@gmail.com

ടോട്ടോചാൻ എന്ന നോവൽ വായിച്ച് ഒരു ദുർഗുണ പരിഹാര പാഠശാലയിൽനിന്നൊരു കുട്ടി തെത്സുകോക്ക് എഴുതി. "എനിക്ക് ടോട്ടോചാന്റെ അമ്മയെപ്പോലെ ഒരമ്മയും കൊബായാഷി മാഷിനെപ്പോലെ ഒരു മാഷും ഉണ്ടായിരുന്നെങ്കിൽ ഞാൻ ഇതുപോലൊരു സ്ഥലത്ത് വന്ന് പെടില്ലായിരുന്നു."

# ഓരോ കുട്ടിയും ഓരോ വിസ്മയമാണ്

എങ്ങനെ വേണം ഒരു വിദ്യാലയമെന്ന അന്വേഷണങ്ങൾക്കുള്ള ഉത്തരമാണ് തെത്സുകോയുടെ *ടോട്ടോചാൻ* എന്ന നോവൽ. നോവലിൽ പറയുന്ന റ്റോമോ വിദ്യാലയമെന്ന തീവണ്ടിപ്പള്ളിക്കൂടത്തിൽ പഠനമെന്നത് ബാഗുകളിൽ തൂങ്ങുന്ന ഭാരക്കെട്ടല്ല. അവിടെ കുട്ടികൾക്കെവിടെയും യഥേഷ്ടം ചെന്നിരിക്കാം. ഇത് നിന്റെ മാത്രം ബെഞ്ചും ഡെസ്കുമെന്ന സ്വാർഥതയുടെ പാഠങ്ങൾ അവിടെ പഠിപ്പിക്കപ്പെട്ടില്ല. ആർക്കും സ്വന്തമായ ഇരിപ്പിടം ഇല്ലാതിരുന്നത് കൊണ്ടാണ് യാസാക്കിചാൻ എന്ന കുട്ടി പോളിയോ ബാധിച്ച് മരണമടഞ്ഞിട്ടും കുട്ടികളിൽ വല്ലാതെ പേടി നിറയാഞ്ഞത്. അവന് ഒരു പതിവ് ബെഞ്ചും ഡെസ്കും ഉണ്ടായിരുന്നെങ്കിൽ ക്രൂരമായൊരു ശൂന്യത അവിടെ ഒഴിഞ്ഞ് കിടന്നേനെ.

ടോട്ടോചാൻ ഒരു വികൃതിയാണെന്നാണ് എല്ലാവരും പറയുക. ക്ലാസിലിരുന്ന് തെരുവ് ഗായകരെ കൈകൊട്ടി വിളിക്കുന്ന അവളുടെ ശല്യം സഹിക്കാഞ്ഞിട്ടാണ് പഴയ സ്കൂളിൽനിന്നും ആ അഞ്ചു വയസുകാരിയെ പുറത്താക്കുന്നത്. പക്ഷേ, അവളുടെ അമ്മയൊരിക്കലും ടോട്ടോചാനെ ശാസിച്ചില്ല. നിന്നെ സ്കൂളിൽനിന്ന് പുറത്താക്കിയതാണെന്ന് അവളോട് പറഞ്ഞുമില്ല. നമുക്ക് വേറൊരു സ്കൂളിൽ ചേരാം എന്നു മാത്രം പറഞ്ഞു. അങ്ങനെയാണവർ റ്റോമോ വിദ്യാലയത്തിലെത്തുന്നത്. ഇന്റർവ്യൂ ചെയ്യുന്നത് കൊബായാഷി മാസ്റ്റർ. അവളോട് ചോദ്യങ്ങൾ ചോദിക്കുകയല്ല മാഷ് ചെയ്തത്. അവളെ കേൾക്കുകയായിരുന്നു, അതും നാല് മണിക്കൂർ. കുട്ടികളോട് ചോദിക്കുകയും പറയുകയും മാത്രമല്ല, അവരെ കേൾക്കാൻ കൂടി ഒരധ്യാപകന് ബാധ്യതയുണ്ടെന്ന് സ്ഥാപിക്കുന്നു നോവൽ.

റ്റോമോ വിദ്യാലയത്തിൽ ക്ലാസ് റൂമിൽ കുത്തിവരക്കുന്നതിനൊന്നും വിലക്കില്ല. ക്ലാസ് തീരുന്നതിനുമുമ്പ് അതെല്ലാം വൃത്തിയാക്കണമെന്നേയുള്ളൂ. വൃത്തിയാക്കുന്നതിന്റെ ബുദ്ധിമുട്ട് മനസ്സിലാക്കിയ കുട്ടികൾ വഴിമതിലുകളിലോ വീടുകളിലോ എവിടെയും പേന കൊണ്ട് കോറി ചീത്തയാക്കാൻ പിന്നെ ഒരുമ്പെട്ടില്ല.


*തെത്സുകോ കുറയോനഗി*

കൊബായാഷി മാഷിനറിയാം, ഓരോ കുട്ടിയും ഓരോ വിസ്മയമാണെന്ന്. ഓരോരുത്തരുടെയും കഴിവും കഴിവുകേടും മനസ്സിലാക്കി എല്ലാവരും ജയിക്കുന്ന വ്യത്യസ്ത മത്സരങ്ങളാണ് കൊബായാഷി മാഷ് രൂപം കൊടുത്തത്. ജയിച്ച കുട്ടികൾക്കൊക്കെയും മാഷ് നൽകിയ സമ്മാനം പച്ചക്കറികളാണ്. അയ്യേ, പച്ചക്കറിയാണോ സമ്മാനം എന്ന് നീരസം കാട്ടിയ കുട്ടികളോട് ഇന്ന് രാത്രി ഈ പച്ചക്കറികൾ കൊണ്ട് കറിയുണ്ടാക്കി കഴിക്കണം എന്ന് നിർദേശിക്കുകയായിരുന്നു മാഷ്. അതിനേക്കാൾ രുചിയുള്ള കറി മുമ്പ് കഴിച്ചില്ല എന്ന് കുട്ടികൾക്ക് തോന്നി. സ്വയം അധ്വാനിച്ചുണ്ണുന്നതിന്റെ രുചി അവരാദ്യമായി അനുഭവിക്കുകയായിരുന്നു.

വായിക്കാത്തവർ വളരെ ചുരുക്കം മാത്രം ഉണ്ടാകാൻ സാധ്യതയുള്ള നോവലാണ് *ടോട്ടോചാൻ*. പുറത്തിറങ്ങിയ വർഷം തന്നെ 45 ലക്ഷം കോപ്പികൾ വിറ്റഴിഞ്ഞ ബെസ്റ്റ് സെല്ലർ. ആത്മകഥാംശമുള്ള നോവലാണിത്. നോവലിസ്റ്റ് തെത്സുകോ തന്നെയാണ് ഈ നോവലിലെ ടോട്ടോചാൻ. 1937 ലാണ് കൊബായാഷി മാഷ് റ്റോമോ വിദ്യാലയം തുടങ്ങുന്നത്. 1945-ൽ ടോക്കിയോ നഗരം ബോംബാക്രമണത്തിനിരയായപ്പോൾ റ്റോമോയും കത്തിയെരിഞ്ഞു. രണ്ടാം ലോകയുദ്ധത്തിന്റെ വളരെ നഷ്ടങ്ങളുടെ കൂട്ടത്തിൽ ഒരു പക്ഷേ റ്റോമോ വിദ്യാലയം എഴുതപ്പെട്ടു കാണില്ല.

*ടോട്ടോചാൻ* എന്ന നോവൽ വായിച്ച് ഒരു ദുർഗുണ പരിഹാര പാഠശാലയിൽനിന്നൊരു കുട്ടി തെത്സുകോക്ക് എഴുതി. "എനിക്ക് ടോട്ടോചാന്റെ അമ്മയെപ്പോലെ ഒരമ്മയും കൊബായാഷി മാഷിനെപ്പോലെ ഒരു മാഷും ഉണ്ടായിരുന്നെങ്കിൽ ഞാൻ ഇതുപോലൊരു സ്ഥലത്ത് വന്ന് പെടില്ലായിരുന്നു."■